**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1992** **04-02-2026 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ഗവ. വെറ്ററിനറി ഹോസ്പിറ്റലിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ഗവ. വെറ്റിനറി ഹോസ്പിറ്റലിന്റെ നവീകരണത്തിനും വികസനത്തിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | (എ) | 1) 2021-22 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലാ വെറ്ററിനറി കേന്ദ്രത്തിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനും റിപ്പയർ ചെയ്യുന്നതിനും കോഴിക്കോട് ജില്ലാ പഞ്ചായത്ത് മുഖേനെ 9,00,000/- രൂപ (9 ലക്ഷം രൂപ മാത്രം) വകയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ലാബ് റീഏജന്റ്, മരുന്ന് എന്നിവ വാങ്ങുന്നതിന് 14,00,000/-രൂപ (പതിനാല് ലക്ഷം രൂപ മാത്രം) വകയിരുത്തുകയും പദ്ധതി നടപ്പാക്കുകയും ചെയ്തു.<br><br>2) 2021-22 സാമ്പത്തിക വർഷത്തിൽ രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനത്തിനായി 4,72,336/- രൂപ (നാല് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി മുന്നൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) വകയിരുത്തുകയും പദ്ധതി നടപ്പാക്കുകയും ചെയ്തു.<br><br>3) 2021-2022 സാമ്പത്തിക വർഷത്തിൽ ജില്ലാ വെറ്ററിനറി കേന്ദ്രത്തിലേക്ക് ലാപ് ടോപ് വാങ്ങുന്നതിന് 2,19,680/- (രണ്ട് ലക്ഷത്തി പത്തൊൻപതിനായിരത്തി അറുന്നൂറ്റി എൺപത് രൂപ മാത്രം) രൂപയും, ലബോറട്ടറി നവീകരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 1,77,532/- (ഒരു ലക്ഷത്തി എഴുപത്തി ഏഴായിരത്തി അഞ്ഞൂറ്റി മുപ്പത്തി രണ്ട് രൂപ മാത്രം) രൂപയും വകയിരുത്തുകയും, പദ്ധതി നടപ്പാക്കുകയും ചെയ്തു.<br><br>4) 2022-23 സാമ്പത്തിക വർഷത്തിൽ ജില്ലാ വെറ്ററിനറി കേന്ദ്രത്തിലേക്ക് ഫർണ്ണിച്ചറുകൾ വാങ്ങുന്നതിന് 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) വകയിരുത്തുകയും പദ്ധതി നടപ്പാക്കുകയും ചെയ്തു. കൂടാതെ കൺസ്യൂമബിൾസ് വാങ്ങുന്നതിന് 4,00,000/-രൂപ (നാല് ലക്ഷം രൂപ മാത്രം) വകയിരുത്തുകയും പദ്ധതി നടപ്പാക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | 5) 2022-23 സാമ്പത്തിക വർഷത്തിൽ ജില്ലാ വെറ്ററിനറി കേന്ദ്രത്തിലേക്ക് ലാപ് ടോപ് വാങ്ങുന്നതിന് 72,672/-രൂപ (എഴുപത്തിരണ്ടായിരത്തി അറുന്നൂറ്റി എഴുപത്തി രണ്ട് രൂപ മാത്രം) വകയിരുത്തുകയും പദ്ധതി നടപ്പാക്കുകയും ചെയ്തു.<br><br>6) 2023-24 സാമ്പത്തിക വർഷത്തിൽ റീജിയണൽ ക്ലിനിക്കൽ ലാബിലേക്ക് ഇലക്ട്രോ സർജിക്കൽ മെഷീൻ യൂണിറ്റ് വാങ്ങുന്നതിന് 1,10,000/-രൂപ (ഒരുലക്ഷത്തി പതിനായിരം രൂപ മാത്രം) വകയിരുത്തി പർച്ചേസ് നടപടികൾ പൂർത്തീകരിച്ചു. കൂടാതെ ജില്ലാ റീജിയണൽ ക്ലിനിക്കൽ ലാബിലേക്ക് ലാബ് റീഏജൻറ്, കൺസ്യൂമബിൾസ് എന്നിവ വാങ്ങുന്നതിന് 4,75,000/- രൂപ (നാല് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി.<br><br>7) 2024-25 സാമ്പത്തിക വർഷത്തിൽ ജില്ലാ വെറ്ററിനറി കേന്ദ്രം, റീജ്യണൽ ക്ലിനിക്കൽ ലാബ് എന്നിവിടങ്ങളിലേക്ക് കൺസ്യൂമബിൾസ് വാങ്ങുന്നതിന് 4,00,000/- രൂപ (നാല് ലക്ഷം രൂപ മാത്രം) വകയിരുത്തുകയും പദ്ധതി നടപ്പാക്കുകയും ചെയ്തു.<br><br>8) 2024-25 സാമ്പത്തിക വർഷത്തിൽ ജില്ലാ വെറ്ററിനറി കേന്ദ്രത്തെ ആസ്ഥാനമാക്കിക്കൊണ്ട് മൊബൈൽ സർജറി യൂണിറ്റിന് വകുപ്പ് തലത്തിൽ വാഹനം അനുവദിച്ചു.<br><br>9) 2025-26 സാമ്പത്തിക വർഷത്തിൽ റീജിയണൽ ക്ലിനിക്കൽ ലാബിലേക്ക് ബയോകെമിസ്ട്രി അനലൈസർ, ഹെമറ്റോളജി അനലൈസർ എന്നിവ വാങ്ങുന്നതിന് 5,75,000/-രൂപ (അഞ്ച് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) ചെലവഴിച്ച് പദ്ധതി നടപ്പാക്കി. |

സെക്ഷൻ ഓഫീസർ